FRIDAY

08.12.2023

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 08/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് എറണാകുളം ജില്ലയിലെ വൈപ്പിൻ, കൊച്ചി, തൃക്കാക്കര, തൃപ്പൂണിത്തുറ എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

സംസ്ഥാനം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്ന് മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു. കാർമൽ സ്ക്കൂൾ ഗ്രൗിൽ നടന്ന ചാലക്കുടി നിയോജകമണ്ഡലം നവകേരള സദസ്സിനെ അതിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. വീട്ടുമുറ്റങ്ങളിൽ ചികിത്സ, രാത്രികാലത്ത് അടിയന്തര സേവനം ഉറപ്പാക്കൽ എന്നിവ നടപ്പാക്കി മൃഗസംരക്ഷണ മേഖലയിലും ക്ഷീര വികസന മേഖലയിലും സംസ്ഥാനം മുന്നോട്ടുള്ള പാതയിലാണ്. വ്യവസായ മേഖലയെ ശക്തിപ്പെടുത്തി. സംരംഭകരും സംരംഭങ്ങളും വർദ്ധിച്ചു. ഈ വർഷം മാത്രം 15000 ലധികം നിയമനങ്ങൾ പി എസ് സി മുഖേന നൽകി. സർവകലാശാലകളെ ഉന്നത നിലവാരത്തിൽ എത്തിച്ചു.

പ്രകടനപത്രികയിലെ വാഗ്ദാനങ്ങളെല്ലാം നിറവേറ്റിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. മൂന്നു ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തു. ലൈഫ് മിഷനിലൂടെ നാലു ലക്ഷത്തോളം ഭവനങ്ങൾ നിർമ്മിച്ചു നൽകി. ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, കാർഷികം തുടങ്ങി സമസ്ത മേഖലകളിലും രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ വലിയ പുരോഗതിയാണ് കേരളം കൈവരിച്ചത്.

എണ്ണമറ്റ വികസനക്ഷേമ പ്രവർത്തനങ്ങൾ സാക്ഷാത്കരിച്ച് മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിന് ലഭിക്കുന്ന പിന്തുണയാണ് നവകേരള സദസ്സിലെ സ്വീകാര്യതയെന്നും മന്ത്രി വ്യക്തമാക്കി.

2. ജൈവകർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക

3. കേരള കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്നൊരുക്കുന്ന "പൂപ്പൊലി 2024" 2024 ജനുവരി 1 ന് വയനാട് ജില്ലയിൽ തുടക്കം കുറിക്കുന്നു. വൈവിധ്യമാർന്ന അലങ്കാരവർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വിളിച്ചോതുന്നതും, നൂതന സാങ്കേതിക വിദ്യകളിലൂടെ വികസിപ്പിച്ചെടുത്ത വിത്തുകളുടെയും സസ്യങ്ങളുടെയും പ്രദർശനവും, വിപണനവും ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു.കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അവയുടെ പരിഹാര മാർഗ്ഗങ്ങൾ, കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്.

വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെയും കർഷകർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരുടേതുമടക്കം നിരവധി സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കുന്നു. എല്ലാ സായാഹ്നങ്ങളിലും കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും.

4. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ സ്ഥാപനങ്ങളിലെ കയർ ഉത്പ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സംരംഭകരെ ക്ഷണിക്കുന്നു. സെയിൽസ്ടേണോവറിന്റെ 20 ശതമാനം സംരംഭക സഹായകമായി ലഭിക്കും. താത്പര്യമുള്ള സംരംഭകർ, കുടുംബശ്രീ യൂണിറ്റുകൾ, ഇ ഡി ക്ലബ്ബുകൾ തുടങ്ങിയവർ കയർ പ്രോജക്ട് ഓഫീസുമായി 0474 2793412 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് കോഴ്സിലേക്ക് അപേക്ഷിക്കാം. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജ് വെള്ളായണി വിജ്ഞാന വ്യാപന വിഭാഗം നടപ്പിലാക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ കോഴ്സിലേക്ക് അഗ്രികൾച്ചറിലോ അനുബന്ധ വിഷയങ്ങളിലോ ബാച്ചിലേഴ്സ് ബിരുദം ഉള്ളവർക്കും, ഈ മേഖലയിൽ ജോലി ചെയ്യുന്ന ഏത് ബിരുദധാരികൾക്കും അപേക്ഷിക്കാവുന്നതാണ്. പാഠ്യപദ്ധതി ഏറിയ പങ്കും ഓൺലൈൻ ആയതു കൊണ്ട് കൃഷി - കൃഷി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇത് നല്ലൊരവസരമാണ്. അപേക്ഷകൾ കേരള കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിലൂടെ https://admnewpgm.kau.in

സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 8547856286 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

6. നാളികേര ഗവേഷണ കേന്ദ്രം ബാലരാമപുരത്ത് ICAR-NAHEP-CAAST-KAU 'നാളികേര മൂല്യവർധിത ഉൽപന്ന നിർമ്മാണത്തിൽ രണ്ടു ദിവസത്തെ പരിശീലനം നൽകുന്നു. താല്പര്യമുള്ള നാളികേര കർഷകർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, എഫ്.പി. ഓ (FPO), വ്യക്തികൾ, സംരംഭകർ, വിവിധ ഗ്രൂപ്പുകൾ എന്നിവർക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ 0471-2400621, 8547603318 എന്നീ നമ്പറിൽ വിളിച്ചു പരിശീലനത്തിന് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടി**

7. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12 ന് (12/12/23) രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ താറാവ് വളർത്തൽ എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ 9188522711, 0469-2965535 പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് കുമ്പളയ്ക്കടുത്ത് നായിക്കാപ്പ് സ്ഥിതിചെയ്യുന്ന റീജിയണൽ ഡയറി ലാബ് കം ട്രെയിനിംഗ് സെന്ററിൽ വെച്ച് ഡിസംബർ 21, 22 തീയതികളിലായി (21.12.202, 22.12.2023) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക് 2 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിന് താത്പര്യമുള്ളവർ 19.12.202 3ന് വൈകുന്നേരം 5 മണിക്ക് മുൻപായി കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിലോ റീജിയണൽ ഡയറി ലാബ് കം ട്രെയിനിംഗ് സെന്ററിലോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലന സമയത്ത് ആധാർ കാർഡിൻ്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2414579, 04998 290626 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12ന് (12.12.23) **കാട വളർത്തൽ** എന്ന വിഷയത്തിൽ രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും 2023 ഡിസംബർ 19-ന് ഏകദിനപരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ